പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4220 — 17/05/2017 ൽ മറുപടിയ്ക്ക്

## ചികിത്സാ ധനസഹായ അപേക്ഷകളിന്മേൽ ഓൺ ലൈൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർമാരുടെ ഓൺ ലൈൻ റിപ്പോർട്ട് ആവശ്യപ്പെടാറുണ്ടോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള നടപടി കൂടുതൽ വേഗത്തിലാക്കുന്നതിനായി റിപ്പോർട്ടുകളും കഴിയുന്നത്ര ഓൺ ലൈനായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായത്തിനായി ഓൺ ലൈൻ വഴി അപേക്ഷകൾ അതാത് വില്ലേജുകളിൽ ലഭിക്കുന്നു. വില്ലേജ് ഓഫീസർമാർ അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് ഓൺ ലൈൻവഴി തഹസിൽദാർമാർക്കും തഹസിൽദാർമാർ ജില്ലാ കളക്ടർമാർക്കും ജില്ലാ കളക്ടർമാർ സർക്കാരിലേക്കും നൽകുന്നു. |
| (ബി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും റിപ്പോർട്ടുകൾ ഓൺ ലൈനായി സമർപ്പിക്കുന്നതിന് സൗകര്യം ലഭ്യമാണോ; ഇല്ലെങ്കിൽ എത്ര വില്ലേജാഫീസുകളിൽ പ്രസ്തുത സൗകര്യം ലഭ്യമല്ല; | (ബി), (സി), (ഡി) എല്ലാ വില്ലേജ് ഓഫീസുകളിലും റിപ്പോർട്ടുകൾ ഓൺ ലൈനായി സമർപ്പിക്കുന്നതിന് സൗകര്യം ലഭ്യമാണ്. |
| (സി) ഓൺ ലൈൻ റിപ്പോർട്ടിംഗ് സൗകര്യമില്ലാത്ത എത്ര വില്ലേജാഫീസുകളിലേക്ക് ചികിത്സാധനസഹായ അപേക്ഷകളിന്മേൽ ഓൺ ലൈൻ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്; | |
| (ഡി) ഓൺ ലൈൻ റിപ്പോർട്ടിംഗ് സൗകര്യമില്ലാത്ത വില്ലേജാഫീസുകളിലേക്ക് ഇത്തരത്തിൽ റിപ്പോർട്ടാവശ്യപ്പെട്ടത് വഴി രോഗികൾക്ക് യഥാസമയം ധനസഹായം ലഭിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; | |

സെക്ഷൻ ഓഫീസർ